# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ - തമിഴ് വിഭാഗം പൊതു സ്ഥലമാറ്റം – 2018 – ഉത്തരവ് പുറപ്പെടുവിക്കുന്നു –

ഉത്തരവ് നമ്പർ.എ4/9183/2018/കോ.വി.വ തിരുവനന്തപുരം തീയതി : 25.04.2018

പരാമർശം:- 1) ഈ ഓഫീസിലെ 15.02.2018 തീയതിയിലെ എ1/3331/2018/ കോ.വി.വ നമ്പർ സർക്കുലർ.

2) 03.04.2018 തീയതിയിലെ ഇതേ നമ്പർ കരട് സ്ഥലം മാറ്റ പട്ടിക.

## ഉത്തരവ്

സർക്കാർ കോളേജുകളിലെ തമിഴ് വിഭാഗം അദ്ധ്യാപകരുടെ 2018-ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതിയുണ്ടെങ്കിൽ ആയത് 20.04.2018 വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. മൂന്നാർ സർക്കാർ കോളേജിലെ ശ്രീമതി.സെയ്ദലി ഫാത്തിമ.എം തന്നെ കാര്യവട്ടം സർക്കാർ കോളേജിലെ നിലവിലെ ഒഴിവിൽ പരിഗണിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ ചുവടെ കാണുന്ന പ്രകാരം തമിഴ് വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് 01.06.2018 പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു..

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും, ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീമതി.ധന്യ.വി.എസ്, ഗവണ്മെന്റ് കോളേജ്, കാര്യവട്ടം (അപേക്ഷ) | തിരുവനന്തപുരം, യൂണിവേഴ്സിറ്റി കോളേജിൽ ഡോ.രമാദേവി.ആർ വിരമിക്കുന്ന ഒഴിവിൽ. |
| 2 | ശ്രീമതി.സെയ്ദലി ഫാത്തിമ.എം,, ഗവണ്മെന്റ് കോളേജ്, മൂന്നാർ (അപേക്ഷ) | കാര്യവട്ടം, ഗവണ്മെന്റ് കോളേജിലെ ശ്രീമതി.ധന്യ.വി.എസ്-ന് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ, 2018 ജൂൺ ഒന്നാം തീയതി പ്രാബല്യത്തിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും, സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള .(www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൌൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്,
എം.എസ്.ജയ,ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1) ബന്ധപ്പെട്ട പ്രിൻസിപ്പാൾ /അദ്ധ്യാപകർ.
2) അക്കൌണ്ടന്റ് ജനറൽ (എ & ഇ), കോട്ടയം
3) കരുതൽ ഫയൽ / നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

എസ്.വി.26.04.2018

0711842

GOVERNMENT OF KERALA